# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2675

19.03.2015 ലെ മറുപടിക്ക്

### വൈപ്പിൻ മണ്ഡലത്തിൽ മുസിരിസ് പൈതൃക പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) മുസിരിസ് പൈതൃക പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ; | എ) മുസിരിസ് പൈതൃക പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സഹോദരൻ അയ്യപ്പൻ സ്മാരക മ്യൂസിയം സ്ഥാപിക്കൽ<br>2. പള്ളിപ്പുറം കോട്ടയിലേയ്ക്കുള്ള വഴി ടൈൽ വിരിക്കൽ<br>3. പള്ളിപ്പുറം കോട്ടയിൽ ആർക്കിയോളജിക്കൽ എസ്കവേഷൻ പദ്ധതി<br>4. മഞ്ഞുമാത ചർച്ചിനോടനുബന്ധിച്ച് ടോയ്‌ലറ്റ് സമുച്ചയം<br>5. സഹോദരൻ അയ്യപ്പൻ സ്മാരകത്തിലെ ബോട്ടുജെട്ടി<br>6. സഹോദരൻ അയ്യപ്പൻ സ്മാരകത്തിന്റെ പുനരുദ്ധാരണവും സൗന്ദര്യവത്കരണവും |
| ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ ഇതുവരെ പ്രാവർത്തികമാക്കാത്തതുമായ പ്രവൃത്തികളുണ്ടെങ്കിൽ വ്യക്തമാക്കാമോ? | ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ ഇതുവരെ പ്രാവർത്തികമാക്കാത്തതുമായ പ്രവർത്തികൾ ചുവടെ ചേർക്കുന്നു:<br>1. പള്ളിപ്പുറം കോട്ടയോടനുബന്ധിച്ച് മിലിട്ടറി മ്യൂസിയം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.<br>2. പള്ളിപ്പുറം പഞ്ചായത്തിൽ മിശ്രഭോജന സ്മാരകത്തിന്റെ നിർമ്മാണം സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ